# വഞ്ചന | മതിയായി ഈ MLA

## ലിന്റോ ജോസഫ് (CPI(M)) - തിരുവമ്പാടി

### 1 കാർഷിക മേഖലയോട് അവഗണന; വ്യവസായങ്ങൾ മുരടിപ്പിൽ




കാർഷിക വിഭവ ഉൽപ്പാദനമുള്ള മണ്ഡലമായിട്ടും മൂല്യവർധിത ഉൽപ്പന്ന വ്യവസായ കേന്ദ്രങ്ങളില്ല; ചെറുകിട വ്യവസായങ്ങളും അതുവഴിയുള്ള തൊഴിലും മരീചികയായി തുടരുന്നു.

### 2 ജീവന് ഭീഷണിയായി വന്യജീവി - തെരുവുനായ ശല്യം




വന്യജീവി ആക്രമണവും തെരുവുനായ ശല്യവും രൂക്ഷം; ഇരകൾക്ക് നഷ്ടപരിഹാരം ലഭിച്ചില്ല. കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ ഹാങ്ങിങ് ഫെൻസും പൂർത്തിയായിട്ടില്ല.

### 3 വികസനമെത്താതെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ




തുഷാരഗിരി, കക്കാടംപൊയിൽ, പൂവാറംതോട്, അരിപ്പാറ തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിന് പദ്ധതികളില്ല; അതുവഴി ഗ്രാമീണർക്ക് ലഭിക്കേണ്ട തൊഴിലും വരുമാനവും കുറഞ്ഞു.

### 4 ആരോഗ്യമേഖല തകർച്ചയിൽ




ആവശ്യത്തിന് ചികിത്സാസൗകര്യങ്ങളും ഡോക്ടർമാരും ജീവനക്കാരും ഇല്ലാതെ മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും വിവിധ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ശോച്യാവസ്ഥയിൽ.

### 5 മലയോര ഹൈവേ പദ്ധതിയിലെ അഴിമതി




കോടഞ്ചേരി–കക്കാടംപൊയിൽ 34.5 കിമീ മലയോര ഹൈവേ 144 കോടിയിൽ തുടങ്ങിയ പദ്ധതി അവസാനം 247.5 കോടിയായി, 100 കോടിയിലേറെ രൂപയുടെ അഴിമതിയിൽ എംഎൽഎ കൂട്ടുനിന്നു.

### 6 ആചാരങ്ങളെ തകർത്തു വിശ്വാസികളെ വഞ്ചിച്ചു



ശബരിമലയിലെ അനുഷ്ഠാനങ്ങളെ തകർക്കാനുള്ള കപട നവോത്ഥാന നാടകത്തിന് പാദസേവ ചെയ്ത ഈ എംഎൽഎ വിശ്വാസിസമൂഹത്തെ പച്ചയ്ക്ക് വഞ്ചിച്ചു. സ്വർണ്ണക്കൊള്ളയിൽ പോലും ടിയാൻ പാലിച്ച മൗനം സംശയാസ്പദമാണ്.

## UDF - LDF മതിയായി
## മാറ്റം തുടങ്ങാം!